## പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3156** **19/06/2018-ൽ മറുപടിയ്ക്ക്**

## ലൈഫ് മിഷൻ പദ്ധതിയുടെ ഭാഗമായി അപ്പാർട്ട്മെന്റുകൾ

| ചോദ്യം<br>ശ്രീ.മഞ്ഞളാംകുഴി അലി | | മറുപടി<br>ശ്രീ.കെ.റ്റി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ലൈഫ് മിഷൻ എന്ന സമ്പൂർണ്ണ പാർപ്പിട സുരക്ഷ പദ്ധതിയുടെ ഭാഗമായി അപ്പാർട്ട്മെന്റുകൾ നിർമ്മിച്ച് നൽകുന്ന പദ്ധതിയ്ക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; എങ്കിൽ എവിടെയെല്ലാമാണ് അപ്പാർട്ട്മെന്റ് കോംപ്ലക്സുകൾ നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളത്; | (എ) | ലൈഫ് മിഷൻ എന്ന സമ്പൂർണ്ണ പാർപ്പിട സുരക്ഷ പദ്ധതിയുടെ ഭാഗമായി അപ്പാർട്ട്മെന്റുകൾ നിർമ്മിച്ച് നൽകുന്ന പദ്ധതിയ്ക്ക് തുടക്കം കുറിച്ചിട്ടുണ്ട്. ടെൻഡർ നടപടികൾ സ്വീകരിച്ച് വരുന്നു. എല്ലാ ജില്ലയിലും ഓരോ അപ്പാർട്ട്മെന്റ് കോംപ്ലക്സുകൾ നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പദ്ധതിയുടെ ഭാഗമായുള്ള ടെൻഡർ നടപടികൾ കേന്ദ്ര വിജിലൻസ് കമ്മീഷന്റെ മാനദണ്ഡങ്ങളും ധനകാര്യ വകുപ്പിന്റെ മാനദണ്ഡങ്ങളും പൂർണ്ണമായും പാലിച്ചുകൊണ്ടാണോ ആരംഭിച്ചിട്ടുള്ളത്; നടപടിക്രമങ്ങൾ ലംഘിച്ച് ടെൻഡർ നടപടികൾ ആരംഭിച്ചിട്ടുള്ളതായി ഏതെങ്കിലും തരത്തിലുള്ള ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (ബി) | ആക്ഷേപങ്ങൾ ശ്രദ്ധയിൽപെട്ടിട്ടില്ല. |
| (സി) | നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് പദ്ധതി അടിയന്തരമായി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | നടപടിക്രമങ്ങൾ പാലിച്ചു കൊണ്ടാണ് പദ്ധതി അടിയന്തിരമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നത്. |

**സെക്ഷൻ ഓഫീസർ.**

## Pilot Apartment Complexes in LIFE Mission

| Sl No. | District | LSGI/Authority |
|---|---|---|
| 1 | Kasaragod | Chemmanad Grama Panchayath |
| 2 | Kannur | Kadambur Grama Panchayath |
| 3 | Kozhikode | Mavoor Grama Panchayath |
| 4 | Wayanad | Sulthanbatheri Municipality |
| 5 | Malappuram | Perinthalmanna Municipality |
| 6 | Palakkad | Chittoor Thathamangalam Municipality |
| 7 | Thrissur | Vadakkancheri Municipality |
| 8 | Idukki | Karimannur Grama Panchayath |
| 9 | Ernakulam | GCDA, Cochin |
| 10 | Alappuzha | Alappuzha Municipality |
| 11 | Kottayam | Vijayapuram Grama Panchayath |
| 12 | Pathanamthitta | Panthalam Municipality |
| 13 | Kollam | Punalur Municipality |
| 14 | Thiruvananthapuram | Thiruvananthapuram Corporation |